**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3091** **25-10-2021 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിലെ ദേശീയപാത വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ജില്ലയിൽ ദേശീയപാത വികസനത്തിനായി ഏറ്റെടുക്കാത്ത ഭൂമിയിൽ കരാർ കമ്പനി അധികൃതർ കല്ലിടുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ ദേശീയപാതാ വികസനത്തിനായി ഏറ്റെടുക്കാത്ത ഭൂമിയിൽ കരാർ കമ്പനി അധികൃതർ കല്ലിടുന്നുവെന്ന പരാതി ചില കക്ഷികൾ ഉന്നയിച്ചിട്ടുണ്ട്. |
| (ബി) | സ്ഥലമെടുപ്പ് വിഭാഗം ഭൂമി ഏറ്റെടുത്ത് കല്ലിട്ടത് 2009-ലെ അലൈൻമെന്റ് പ്രകാരമാണെന്നും നിർമ്മാണം ഏറ്റെടുത്ത കമ്പനി കല്ലിടുന്നത് 2016-ൽ ദേശീയപാത അതോറിറ്റി നിർദ്ദേശിച്ച അലൈൻമെന്റിലുമാണെന്നത് ശരിയാണോ; വ്യക്തമാക്കാമോ; | (ബി) | 2009 ലാണ് എൻ.എച്ച്.എ.ഐ. അലൈൻമെന്റ് നിശ്ചയിച്ചത്. തുടർന്ന് 2016-ൽ ചില വില്ലേജുകളിലെ എതാനും ഭാഗങ്ങളിൽ അലൈൻമെന്റിന് വ്യത്യാസം വരുത്തി പുതിയ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ട്. ടി അലൈൻമെന്റുകളുടെ അടിസ്ഥാനത്തിലാണ് കല്ലിടുകയും ഭൂമി ഏറ്റെടുക്കുകയും ചെയ്യുന്നത്. |
| (സി) | ഏത് വർഷത്തിൽ നിർദ്ദേശിച്ച അലൈൻമെന്റ് പ്രകാരമാണ് ഭൂമി ഏറ്റെടുത്ത് ദേശീയപാത അതോറിറ്റിക്ക് കൈമാറിയതെന്ന് വ്യക്തമാക്കാമോ; | (സി) | 2009 ലാണ് എൻ.എച്ച്.എ.ഐ. അലൈൻമെന്റ് നിശ്ചയിച്ചത്. തുടർന്ന് 2016-ൽ ചില വില്ലേജുകളിലെ എതാനും ഭാഗങ്ങളിൽ അലൈൻമെന്റിന് വ്യത്യാസം വരുത്തി പുതിയ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ട്. ടി അലൈൻമെന്റുകളുടെ അടിസ്ഥാനത്തിലാണ് കല്ലിടുകയും ഭൂമി ഏറ്റെടുക്കുകയും ചെയ്യുന്നത്. |
| (ഡി) | കൂടുതൽ ഭൂമി ആവശ്യമാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ടോ; എങ്കിൽ കൂടുതൽ ഭൂമി ഏറ്റെടുത്ത് നൽകുമോ എന്ന് വ്യക്തമാക്കാമോ; | (ഡി) | കൂടുതൽ ഭൂമി ആവശ്യമാണെന്ന് ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടില്ല |
| (ഇ) | അലൈൻമെന്റ് വ്യത്യാസമുള്ള പ്രദേശങ്ങളിൽ ഏറ്റെടുത്ത് കൈമാറിയ ഭൂമിയുടെ ഉടമകൾക്ക് പണം കൊടുക്കുന്നത് നിർത്തണമെന്ന് ദേശീയപാത അതോറിറ്റി നിർദ്ദേശിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഇ) | അലൈൻമെന്റ് വ്യത്യാസമുള്ള പ്രദേശങ്ങളിൽ കൈമാറിയ ഭൂമിയുടെ ഉടമകൾക്ക് പണം കൊടുക്കുന്നത് നിർത്തണമെന്ന് നിലവിൽ ദേശീയപാതാ അതോറിറ്റി നിർദ്ദേശിച്ചിട്ടില്ല. |
| (എഫ്) | ഏറ്റെടുത്ത ഭൂമിയുടെ മുഴുവൻ ഉടമകൾക്കും പണം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഏതെല്ലാം വില്ലേജുകളിൽ എത്ര | (എഫ്) | ഏറ്റെടുത്ത ഭൂമിയിൽ റിക്കാർഡുകൾ എല്ലാം ഹാജരാക്കിയവർക്ക് നഷ്ടപരിഹാരതുക നൽകിയിട്ടുണ്ട്. മറ്റുള്ളവർക്ക് റിക്കാർഡുകൾ |

| | | | |
|---|---|---|---|
| | ഉടമകൾക്ക് എത്രരൂപയാണ് നൽകാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ? | | ഹാജരാക്കുന്ന മുറയ്ക്ക് നൽകുന്നതാണ്. 33 വില്ലേജുകളിലായി ഏകദേശം 1000 പേർക്ക് 125 കോടി രൂപ നൽകാനുണ്ട്. |

സെക്ഷൻ ഓഫീസർ